**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 603** **28-06-2022 - ൽ മറുപടിയ്ക്ക്**

**കേരള സർക്കാർ ഏറ്റെടുത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രസർക്കാർ വിൽപ്പനയ്ക്ക് വച്ചിരുന്നതോ ഉപേക്ഷിക്കപ്പെട്ടിരുന്നതോ ആയ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | **കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായിരുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർകോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, വെള്ളൂർ എന്നിവ ഏറ്റെടുത്ത് പൂർണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.** |
| (ബി) | ഇവ ഏറ്റെടുത്തതിലൂടെ എത്ര കോടി രൂപയാണ് സംസ്ഥാന സർക്കാരിന് ചെലവായിട്ടുള്ളത്; | (ബി) | **ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിന്റെ കൈവശമുണ്ടായിരുന്ന 51% ഓഹരികൾക്ക് ഒരു രൂപ വിലയായി നൽകികൊണ്ട്, കെൽ-ഇ.എം.എൽ എന്ന് പുനഃനാമകരണം ചെയ്ത് പൂർണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി.**<br><br>**ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ലിമിറ്റഡിന്റെ സബ്സിഡിയറി സ്ഥാപനമായിരുന്ന വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ ഏറ്റെടുക്കുന്നതിനു വേണ്ടി National Company Law Tribunal, കൊച്ചി ബ്രാഞ്ചിന്റെ Corporate Insolvency Resolution Process പ്രകാരം സംസ്ഥാന സർക്കാരിനു വേണ്ടി കിൻഫ്ര സമർപ്പിച്ച 271.50 കോടി രൂപയുടെ Resolution Plan അനുസരിച്ച് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ മുഴുവൻ ഓഹരികളും കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ട്.** |
| (സി) | ഇനി ഏതെങ്കിലും സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | **ഉണ്ട്. പാലക്കാട് ജില്ലയിലെ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നുണ്ട്.**<br><br>**കേന്ദ്ര സർക്കാർ വിറ്റ് ഒഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുവാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ** |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള സർക്കാർ KSIDC യെ ചുമതലപ്പെടുത്തിയിരുന്നു.<br><br>തുടർന്ന് KSIDC, കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽ തന്നെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട EOI സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേക്ക് കേന്ദ്ര സർക്കാർ ടി EOI ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല.<br><br>അതേസമയം സർക്കാർ/സർക്കാർ സ്ഥാപനങ്ങളെ ടെൻഡർ നടപടിയിൽ പങ്കെടുപ്പിക്കുന്നതിന് നിർവ്വാഹമില്ലെന്ന് കേന്ദ്ര സർക്കാർ നിലപാട് എടുത്തതിനെ തുടർന്ന് KSIDC-ക്ക് ടെൻഡർ നടപടിയിൽ പങ്കെടുക്കുവാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് കേന്ദ്ര സർക്കാരിന്റെ ടി നിലപാടിനെതിരെ ബഹു മുഖ്യമന്ത്രി ബഹു പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ